# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2834** — 17/10/2016 -ൽ മറുപടിക്ക്

**ഓപ്പറേഷൻ മുക്തി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അടൂർ പ്രകാശ്**<br>**ശ്രീ.അനിൽ അക്കര**<br>**ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** | |
| (എ) | ആരോഗ്യ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 'ഓപ്പറേഷൻ മുക്തി'യുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | വളവന്നൂർ, ത്രിപ്പാനാച്ചി, കവറ്റൂർ, പൂത്രൂർ, കറുവാരക്കുണ്ട് എന്നീ പഞ്ചായത്ത് പ്രദേശങ്ങളിൽ ഓപ്പറേഷൻ മുക്തി വഴി പൂർണ്ണമായോ, ഭാഗികമായോ കുട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് എടുക്കാൻ സാധിച്ചു. മലപ്പുറം ജില്ലയിൽ ഓപ്പറേഷൻ മുക്തി എന്ന പരിപാടി ജനകീയാടിസ്ഥാനത്തിൽ കുത്തിവെയ്പ്പ് വർദ്ധിപ്പിക്കാൻ ആരംഭിച്ച പദ്ധതിയാണ്. ഡോ.വി.ഉമ്മൻ ഫാറൂഖ്, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ചെയർമാനും ഡോ.ബിന്ദുപ്, അസിസ്റ്റന്റ് പ്രൊഫസർ, എം.ഇ.എസ് മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ കൺവീനറായും ഒരു കമ്മറ്റി പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഇവർക്ക് വേണ്ടി സാമ്പത്തിക സഹായം ഒഴികെ എല്ലാ സഹായസഹകരണവും മാർഗ്ഗനിർദ്ദേശങ്ങളും ഓപ്പറേഷൻ മുക്തി എന്ന പരിപാടിയ്ക്ക് നൽകി വരുന്നുണ്ട്. |
| ബി) | ഇതുവരെ ഈ പദ്ധതിയുടെ കീഴിൽ എത്ര പേർക്ക് വാക്സിനേഷൻ നൽകിയിട്ടുണ്ടെന്ന കണക്കെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | ബി) | പൂർണ്ണമായും പ്രതിരോധ കുത്തിവെയ്പ്പ് എടുക്കാത്ത 35 പേർക്കും ഭാഗികമായി പ്രതിരോധ കുത്തിവെയ്പ്പ് എടുക്കാത്ത 650 പേർക്കും ഈ പദ്ധതിപ്രകാരം കുത്തിവെയ്പ്പ് നൽകുവാൻ സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | വാക്സിനേഷന് എതിരെ പ്രചരണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | സി) | ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ തരം ബോധവൽക്കരണ പ്രചരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. പത്രമാധ്യമങ്ങളിലൂടെ വാർത്ത-കൾ, റേഡിയോ, ടി.വി.ചാനലുകൾ, കേബിൾ ടി.വി മുതലായവയിലൂടെ വാർത്തകൾ, അറിയിപ്പുകൾ, പരസ്യങ്ങൾ എന്നിവയും ഫീൽഡ് തല ഉദ്യോഗസ്ഥരിലൂടെ ആശ, അംഗൻവാടി, സന്നദ്ധ സംഘടനകൾ, സബ് സെന്ററുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സ്കൂൾ, കോളേജുകൾ വഴി ചർച്ചാക്ലാസ്സുകൾ, മീറ്റിംഗുകൾ, സെമിനാറുകൾ എന്നീ പ്രവർത്തനങ്ങളും നടത്തി. കൂടാതെ ഡോക്ടർമാരുടെ സംഘടനകൾ, സ്വകാര്യ ആശുപത്രികൾ, സാമൂഹിക സന്നദ്ധ സംഘടനകൾ, എന്നിവയിലൂടെയും വാക്സിനേഷൻ നടത്താത്തതിനും അതിന്റെ ആവശ്യകത ബോധിപ്പിക്കുന്നതിനും മീറ്റിംഗുകൾ. ക്ലാസ്സുകൾ എന്നീ പ്രവർത്തനങ്ങൾ നടത്തി. കൂടാതെ പോസ്റ്ററുകൾ, നോട്ടീസുകൾ ചെറിയ ഹോർഡിംഗുകൾ എന്നിവയും ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ചെയ്തിട്ടുണ്ട്.<br>ഭരണതലത്തിൽ സംസ്ഥാന തലത്തിലും ജില്ലാ ബ്ലോക്ക് തലത്തിലും വിവിധ തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്. സംസ്ഥാന തലത്തിൽ റിവ്യൂ മീറ്റിംഗുകൾ നടത്തി. വാക്സിനേഷൻ സംബന്ധമായ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വാക്സിനേഷൻ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന തലത്തിൽ അഡ്വൈസറി ഗ്രൂപ്പ് രൂപീകരിച്ച് ഇമ്മ്യൂണൈസേഷൻ സംബന്ധിച്ച തന്ത്രം രൂപം കൊടുക്കുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ജില്ലാതലത്തിൽ ജില്ലാ ഭരണകൂടവും ജില്ലയിലെ ആരോഗ്യ വകുപ്പും സംയുക്തമായി വാക്സിനേഷൻ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും വാക്സിനേഷൻ ഊർജ്ജിതമാക്കുന്നതിനുവേണ്ട പ്രവർത്തന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. താഴെ തട്ടിൽ വാർഡ്, ആശ അംഗൻ-വാടി തലങ്ങളിൽ വാക്സിനേഷൻ ഫലവത്തായി നടത്തുന്നതിനും ഊർജ്ജിതമാക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മെഡിക്കൽ ഓഫീസർ, ഫീൽഡ് സ്റ്റാഫ്, സൂപ്പർ-വൈസർമാർ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>ഐ.എം.എ, ഐ.എ.പി, ക്വാളിഫൈഡ് പ്രൈവറ്റ് മെഡിക്കൽ പ്രാക്ടീഷനേഴ്സ് അസോസിയേഷൻ തുടങ്ങിയ ഡോക്ടർമാരുടെ സംഘടനകളെയാണ് പ്രധാനമായും ഇതിന് വേണ്ടി പ്രയോജന-പ്പെടുത്തിയിട്ടുള്ളത്. കൂടാതെ വിവിധ ജില്ലകളിൽ പ്രാദേശികമായി പ്രവർത്തിക്കുന്ന മത സാമൂഹിക സന്നദ്ധ സംഘടനകളെയും വാക്സിനേഷൻ ബോധ-വൽക്കരണ പ്രവർത്തനങ്ങൾക്കായി പ്രയോജന-പ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ